## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1262 08.02.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

ലാന്റ് ബാങ്ക് പദ്ധതി

<u>ചോദ്യം</u>
ശ്രീ.പി.തിലോത്തമൻ

<u>മറുപടി</u>
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| .(എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറമ്പോക്ക് ഭൂമി കണ്ടെത്തി സർക്കാരിന്റെ പ്രത്യേക അക്കൗണ്ടിൽ ഉൾപ്പെടുത്തി ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുകയും വിജയം വരിക്കുകയും ചെയ്ത ലാന്റ് ബാങ്ക് എന്ന നൂതന പദ്ധതി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; എന്തുകൊണ്ടാണ് ഈ പദ്ധതി സജീവമായി നടപ്പിലാക്കാത്തത് എന്ന് വ്യക്തമാക്കാമോ; | കേരള സ്റ്റേറ്റ് ലാൻഡ് ബാങ്കിന്റെ പ്രവർത്തനങ്ങൾ നിലവിലുണ്ട്. |
| (ബി) | സ്വകാര്യവ്യക്തികൾ കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി കണ്ടെത്തുവാൻ നിലവിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇപ്രകാരം കൈവശം വച്ചിട്ടുള്ള ഭൂമി കണ്ടെത്താതെ ഒഴിവാക്കുന്നതിനും സ്വകാര്യ ഭൂമികൾ റീസർവ്വേ നടത്താതിരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണ് ഇപ്രകാരം തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വയ്ക്കുന്ന പാട്ടഭൂമി ഉൾപ്പടെ ഉള്ള സർക്കാർ ഭൂമി സംബന്ധിച്ച് അതാത് ജില്ലാ കളക്ടർമാർ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സ്വകാര്യ ഭൂമികൾ റീ-സർവ്വെ നടത്താതിരിക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ